www.malankaralibrary.com

Vol.9 No.6 June 2012

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com

**വചനബോധി:** ലത്തീൻ

ജൂലൈ 1 ഞായർ; മർക്കോ. 5:21-43 ........ 3
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ഫിലിപ്പ് കാരക്കാട്ട്

ജൂലൈ 3 ; യോഹ. 20: 24-29 ........ 7
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. തോമസ് കുഴിയടിച്ചിറ

ജൂലൈ 8 ഞായർ; മർക്കോ. 6:1-6 ........ 10
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജോനാഥ് കപ്പൂച്ചിൻ

ജൂലൈ 15 ഞായർ; മർക്കോ.6:7-13 ........ 14
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. മനീഷ് ഓലംകണ്ണേൽ എം.സി.ബി.എസ്

ജൂലൈ 22 ഞായർ; മർക്കോ. 6:30-44 ........ 18
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. കപ്പിസ്താൻ ലോപ്പസ്

www.malankaralibrary.com



# മർക്കോ. 5:21- 43

ജൂലൈ 1 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രസിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14-3:6). ദൈവഭരണത്തിന്റെ രഹസ്യം (4:10-12) സ്വന്തം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് അടുത്ത ഘട്ടത്തിലെ പ്രമേയം (3:7-8:26). ഇവിടെ വരുന്ന രണ്ട് അത്ഭുതങ്ങളാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

ഉപമകൾ പറയുന്നതിന്റെ ലക്ഷ്യം തന്നെ ദൈവഭരണത്തിന്റെ രഹസ്യം ശിഷ്യർക്ക് വെളിപ്പെടുത്തിക്കൊടുക്കുക എന്നതാണ് (4:10-12). ഉപമകൾക്കുശേഷം കടലിനെ ശാന്തമാക്കുന്ന അത്ഭുതത്തിലൂടെയും (4:35-41), പിശാചുബാധിതനെ സുഖപ്പെടുത്തുന്നതിലൂടെയും (5:1-20) യേശുവിന്റെ ദൈവികതയാണ് വെളിപ്പെടുന്നത്. അതിനുശേഷം വരുന്ന രണ്ട് അത്ഭുതങ്ങളാണ് ജായ് റോസിന്റെ മകളെ ഉയിർപ്പിക്കുന്നതും രക്തസ്രാവക്കാരിക്ക് സൗഖ്യം കൊടുക്കുന്നതും (5:21-43). യേശുവിലുള്ള വിശ്വാസവും അവന്റെ ദൈവികതയുമാണ് ഇവിടുത്തെ പ്രമേയം.

### III. സന്ദേശം

1. രക്തസ്രാവക്കാരി സ്ത്രീയോട് യേശു പറയുന്നു: മകളേ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു (6:34). സിനഗോഗധികാരിയോടു അവൻ പറയുന്നു: ഭയപ്പെടേണ്ട, വിശ്വസിക്കുകമാത്രം ചെയ്യുക (6:36). രണ്ട് അത്ഭുതങ്ങൾക്കും അടിസ്ഥാനം വിശ്വാസമാണ്. യേശുവിലുള്ള വിശ്വാസം. നിന്റെ ജീവിതത്തിൽ രോഗവും മരണവും കടന്നുവരുമ്പോൾ നിനക്കും ഉണ്ടായിരിക്കേണ്ടത് ഈ വിശ്വാസമാണ്. അതായത് യേശുവിലുള്ള നിന്റെ വിശ്വാസം; യേശു നിന്റെ കൂടെയുണ്ടെന്നുള്ള വിശ്വാസം. അവൻ നിനക്കുവേണ്ടി പ്രവർത്തിക്കുമെന്നുള്ള വിശ്വാസം. അതിലൂടെയാണ് രോഗത്തെയും മരണത്തെയും അതിജീവിക്കാൻ

www.malankaralibrary.com

നിനക്കു സാധിക്കുന്നത്. അതിനാൽ സൗഖ്യവും ജീവനും നിന്നിൽ നിറഞ്ഞു നിൽക്കണമെങ്കിൽ യേശുവിലുള്ള നിന്റെ വിശ്വാസം നീ ജ്വലിപ്പിച്ചു നിർത്തുക.

2. സുഖം പ്രാപിക്കാനാണ് സ്ത്രീ യേശുവിന്റെ വസ്ത്രത്തിൽ തൊടുന്നത് (6:28). എന്നാൽ അവൾക്ക് ലഭിക്കുന്നത്, സുഖം മാത്രമല്ല - രക്ഷയും കൂടിയാണ് (6:34). യേശുവിലുള്ള നിന്റെ വിശ്വാസവും അവന്റെ സ്പർശനവും നിന്നെ കൊണ്ടു ചെന്നെത്തിക്കുന്നത് വെറും ശാരീരികമായ സൗഖ്യത്തിലല്ല; അതിലുപരി ആത്യന്തികമായ രക്ഷയിലും നിത്യമായ ജീവനിലുമാണ്. യേശുവിലുള്ള വിശ്വാസം നിന്നിൽ സജീവമാക്കി നിർത്തുക. നിനക്ക് ആരോഗ്യവും രക്ഷയും ലഭിക്കും.

3. മകൾ മരിച്ചെന്ന വാർത്ത റിപ്പോർട്ടു ചെയ്യപ്പെടുമ്പോൾ യേശു സിനഗോഗധികാരിയോടു പറയുന്നത്; ഭയപ്പെടേണ്ട വിശ്വസിക്കുകമാത്രം ചെയ്യുക എന്നാണ് (6:36). വിശ്വസിക്കുന്നവനു ഭയമുണ്ടാകുകയില്ല എന്നർത്ഥം. യേശുവിൽ നിനക്ക് വിശ്വാസമുണ്ടെങ്കിൽ മരണത്തിനുപോലും നിന്നെ ഭയപ്പെടുത്താനാകില്ല. യേശു കൂടെയുണ്ടെന്ന് വിശ്വസിച്ചാൽ മരണത്തെപ്പോലും നിനക്ക് അതിജീവിക്കാനാവും. യേശു കൂടെയുണ്ടെങ്കിൽ മരണത്തിനുപോലും നിന്നെ പരാജയപ്പെടുത്താനാകില്ല. അതിനാൽ നിന്റെ വിശ്വാസത്തെ നീ ബലപ്പെടുത്തുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: സമഗ്രവിമോചകന്റെ സ്നേഹരൂപം.

സമഗ്രവിമോചകനായ കർത്താവിന്റെ സ്നേഹരൂപമാണ് ഇന്നത്തെ തിരുവചനത്തിൽ നാം കാണുന്നത്. രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന കർത്താവ് ജായ്റോസിന്റെ മകളെ പുനരുജ്ജീവിപ്പിക്കുന്നു.

ഏശയ്യായുടെപ്രവചനം (49:1-7) വിമോചകനായ കർത്താവിന്റെ മഹത്വത്തെയാണ് പ്രകീർത്തിക്കുന്നത്. കേവലം ശരീരത്തിന്റെ സുഖവും, തൃപ്തിയും പ്രവർത്തനങ്ങളുമല്ല, ആത്മാവിന്റെ വ്യാപാരങ്ങളാണ് മനുഷ്യനെ പൂർണ്ണനാക്കുന്നതെന്ന് അപ്പസ്തോലൻ ഗലാത്തിയാക്കാരെ ഓർമ്മപ്പെടുത്തുന്നു. കർത്താവിന്റെ നിയമങ്ങളും, ചട്ടങ്ങളും മനസ്സിൽ സൂക്ഷിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് അവിടത്തെ കരുണയുടേയും, കരുതലിന്റേയും വാഗ്ദാനങ്ങൾ ഉറപ്പായി ലഭിക്കുമെന്ന വചനമാണ് നിയമാവർത്തന പുസ്തകത്തിലെ പ്രതിപാദ്യം (11:13-12:1).

മാനവചരിത്രത്തിലും മനുഷ്യരുടെ ജീവിതങ്ങളിലും അനുദിനം ഇടപെടുന്ന ദൈവത്തെയാണ് ദൈവവചനം അവതരിപ്പിക്കുന്നത്. മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച ദൈവം മനുഷ്യന്റെ ദൈനംദിനങ്ങളിലെ നിരന്തര സാന്നിധ്യമാണ്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല"

www.malankaralibrary.com

(യോഹ 14:18) എന്ന വാഗ്ദാനം നമുക്കോർമ്മിക്കാം. രക്തസ്രാവക്കാരി സ്ത്രീയെ പരിഗണിക്കുന്നതും, ജായ്റോസിന്റെ മകളെ ജീവിപ്പിക്കുന്നതും കർത്താവാണ്. "ആരംഭം മുതൽ തലമുറകൾക്ക് ഉണ്മനല്കി ഇവയെല്ലാം പ്രവർത്തിച്ചത് ആരാണ്?" ആദിയിലുള്ളവനും അവസാനത്തവനോടു കൂടെയുള്ളവനുമായ കർത്താവാണ് മഹത്തായ കാര്യങ്ങൾ ചെയ്യുന്നതെന്ന് ഏശയ്യായിലൂടെ അവിടുന്ന് അരുളിചെയ്യുന്നു (41:4). ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കുമെന്നാണല്ലോ നമ്മുടെ കർത്താവ് നല്കുന്ന ഉറപ്പ് (മത്താ. 28:20).

ഈ വാഗ്ദാനം മനസിലും ഹൃദയത്തിലും സൂക്ഷിച്ച രണ്ടുപേരുടെ ജീവിതാനുഭവമാണ് ഇന്നത്തെ സുവിശേഷം. അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു സ്പർശിച്ചാൽ താൻ രോഗവിമുക്തയാകുമെന്ന് ഹൃദയത്തിൽ വിശ്വസിച്ചവളായിരുന്നു രക്തസ്രാവക്കാരി. ഹൃദയത്തിൽ ഇപ്രകാരം വിശ്വസിച്ചവൾക്ക് രോഗവിമുക്തി ശരീരത്തിലനുഭവപ്പെട്ടു. ഇതാണ് വിശ്വാസത്തിന്റെ ശക്തി. കർത്താവിനെ തിക്കിഞെരുക്കി അവിടുത്തോടൊപ്പം യാത്രചെയ്തവർക്കൊന്നും ഇപ്രകാരമുള്ള വിശ്വാസതീവ്രതയില്ലായിരുന്നു. കർത്താവിന്റെയൊപ്പമാണ് തങ്ങളെന്നും, തങ്ങൾക്കൊപ്പമാണു കർത്താവെന്നും കരുതി മുന്നേറിയവർ ഒരനുഗ്രഹവും പ്രാപിച്ചില്ലെന്നോർക്കണം. അതേസമയം, സമൂഹത്തിന്റെ സജീവതയിലും ശ്രദ്ധയിലും നിന്ന് അകന്നുകഴിഞ്ഞ ഈ സ്ത്രീ ദൈവാനുഗ്രഹം പ്രാപിച്ചു. നിശബ്ദമായി, പക്ഷേ തീവ്രമായി അവൾ വിശ്വസിച്ചു. ആത്മനാ, ഹൃദയപൂർവ്വം അവൾ അവനെ പിന്തുടരുന്നുണ്ടായിരുന്നു. പൂർണ്ണമനസ്സോടും, പൂർണ്ണാത്മാവോടും, പൂർണ്ണഹൃദയത്തോടും, പൂർണ്ണശക്തിയോടും കർത്താവിനെ സ്നേഹിച്ചവൾ നേടിയ വലിയ അനുഗ്രഹമാണ് ഈ രോഗവിമുക്തി.

ജായ്റോസിന്റെ കുടുംബത്തിൽ അനുഗ്രഹം ലഭിച്ചതും ഇങ്ങനെയാണ്. കർത്താവിന്റെ ശക്തിയിലും, സ്നേഹത്തിലും, ശരണപ്പെട്ട മനുഷ്യനാണയാൾ. അതുകൊണ്ടാണല്ലോ അദ്ദേഹം കർത്താവിനെ ഭവനത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുന്നത് !

ദൈവത്തിനു മാത്രം ഇടപെടാൻ പറ്റുന്ന ജീവിതസന്ദർഭങ്ങൾ നമുക്കുണ്ട്. രക്തസ്രാവക്കാരിയുടെ അസുഖത്തിന് പന്ത്രണ്ടു വർഷത്തെ പഴക്കമുണ്ട്. വൈദ്യശാസ്ത്രം പരാജയപ്പെട്ട കേസാണ്, അവളുടെ സമ്പാദ്യം മുഴുവൻ ചികിത്സയ്ക്കായി ചെലവഴിച്ചതാണ്. ഇനി ശരണം കർത്താവു മാത്രം. ഒരു വ്യാഴവട്ടക്കാലമായി വേദനിക്കുന്ന ആ സ്ത്രീയെ കർത്താവു സുഖമാക്കുന്നു – ആത്മീകവും, മാനസികവും, ശാരീരികവുമായി. "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോകുക" എന്ന ആശീർവ്വാദം നല്കുന്ന ആശ്വാസം ഈ സമഗ്ര സൗഖ്യത്തിന്റേതാണ്.

മകളുടെ രോഗസൗഖ്യത്തിനു വേണ്ടി കർത്താവിനെ ഭവനത്തിലേക്കാനയിക്കുന്ന ജായ്റോസ് എന്ന പിതാവ്. സിനഗോഗധികാരിയായ അദ്ദേഹം തന്റെ

www.malankaralibrary.com

കുടുംബത്തിന്റെ ദുഃഖാനുഭവത്തിലേയ്ക്ക് കർത്താവിനെ കൂട്ടിക്കൊണ്ടു വരുന്നു. ഏതു ജീവിത സാഹചര്യത്തിൽ കഴിഞ്ഞാലും, എത്ര ഉന്നതമായ പദവികൾ അലങ്കരിക്കുന്നവരായാലും, നാമൊക്കെ നിസ്സഹായരാകുന്ന പ്രതിസന്ധിഘട്ടങ്ങളുണ്ട്. അവിടെ കർത്താവിന് ഇടം അനുവദിക്കുക; അത്ഭുതങ്ങൾ സംഭവിക്കും.

രക്തസ്രാവക്കാരിയും, ജായ്റോസിന്റെ മകളും സമൂഹത്തിന്റെ രണ്ടു ധ്രുവങ്ങളിൽ നില്ക്കുന്നവരാണ്. സകലരാലും വെറുക്കപ്പെടുന്നവളും, നിരാലംബയും, നിരാശയുമാണ് രക്തസ്രാവക്കാരി. ജായ്റോസിന്റെ മകൾ രോഗിണിയാണെന്നേയുള്ളൂ. മാതാപിതാക്കളുടേയും, സമൂഹത്തിന്റേയും പരിഗണനയും, പരിപാലനയും അനുഭവിക്കുന്നവളാണ്. ഇവരെ രണ്ടു പേരേയും കർത്താവിനു വേണം. എല്ലാവർക്കും രക്ഷ നല്കാൻ വന്നവന് ചെറിയവരും, വലിയവരും തമ്മിൽ, കുട്ടികളും മുതിർന്നവരും തമ്മിൽ അന്തരമില്ല. “അവൻ സകലരുടെയും കണ്ണുകളിൽ നിന്ന് കണ്ണീർ തുടച്ചുമാറ്റും” (യോഹ 21:4).

നാം ചെയ്യേണ്ടത് ഇത്രമാത്രം: അവന്റെ ശക്തിയിലും കരുണയിലും ശരണപ്പെടുക, ജീവിതത്തിന്റെ ബലഹീനതകളിൽ അവന് ഇടം അനുവദിക്കുക, വഴിയിലും വീട്ടിലും അവിടുത്തോടൊപ്പമായിരിക്കുക.

**ഫാ. ഫിലിപ്പ് കാരക്കാട്ട്**

www.malankaralibrary.com



# യോഹ. 20: 24-29

ജൂലൈ 3

## ഭാഷ്യം

### I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിന്റെ രണ്ടാം ഭാഗമാണ് മഹത്വത്തിന്റെ പുസ്തകം (13:1–20:11). ഇതിന്റെ അവസാന മൂന്നു അധ്യായങ്ങൾ (18–20) വിവരിക്കുന്നത് യേശുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവുമാണ്. അവസാനത്തെ രണ്ട് അധ്യായങ്ങൾ (20–21) പുനരുദ്ധാരണത്തെക്കുറിച്ചുള്ള വിവരണങ്ങളാണ്. 20-ാം അധ്യായത്തിൽ വിവരിക്കുന്ന ഒരു പ്രത്യക്ഷീകരണമാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

തോമാശ്ലിഹാ ഇല്ലത്തപ്പോൾ യേശു ശിഷ്യസമൂഹത്തിനു പ്രത്യക്ഷപ്പെടുന്നു. തുടർന്ന് അവൻ ഉള്ളപ്പോഴും പ്രത്യക്ഷപ്പെടുന്നു. അതിലൂടെ അവനെ വിശ്വാസത്തിലേക്ക് യേശു നയിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം (20:24–29).

യേശു ഉത്ഥിതനായെന്ന രഹസ്യം മറിയത്തിലൂടെ ശിഷ്യരും (20:18) ശിഷ്യരിലൂടെ തോമസും (20:25) തുടർന്ന് തോമാശ്ലീഹായിലൂടെ ഭാവിവിശ്വാസികളും (20:28) അറിയുന്നുവെന്ന വിശ്വാസത്തിന്റെ തുടർസാക്ഷ്യമാണ് ഇവിടുത്തെ പ്രധാന പ്രമേയം.

### III. സന്ദേശം

1. തോമസിന്റെ രണ്ട് അവസ്ഥകൾ സുവിശേഷം വിവരിക്കുന്നു. മറ്റുശിഷ്യരോടുകൂടെ അവൻ ഉണ്ടായിരുന്നില്ല (20:24); പിന്നീട് അവരുടെ കൂടെ അവൻ ഉണ്ടായിരുന്നു (20:26). നിന്റെ മുമ്പിലും രണ്ട് സാധ്യതകളാണുള്ളത് – നിന്റെ പ്രിയരുടെ കൂടെയായിരിക്കാനും; കൂടെ അല്ലാതിരിക്കാനും. അഥവാ വിശ്വാസസമൂഹത്തിന്റെ കൂടെ ആയിരിക്കാനും, കൂടെ അല്ലാതിരിക്കാനും. കൂടെ ആയിരിക്കുമ്പോഴാണ് തോമസിന് ക്രിസ്തുദർശനമുണ്ടാകുന്നത്. അതിനാൽ നിന്റെ

www.malankaralibrary.com

പ്രിയരോടു കൂടെ ആയിരിക്കുന്ന അവസരങ്ങളെ നീ വളർത്തിയെടുക്കുക. ഭക്ഷണത്തിന്റെയോ, ഉല്ലാസത്തിന്റെയോ, പ്രാർത്ഥനയുടെയോ സന്ദർഭങ്ങളാകാം അവ. അവയൊക്കെ ദൈവാനുഭവത്തിന്റെ അവസരങ്ങളാക്കി മാറ്റാൻ നിനക്കു സാധിക്കും. കാരണം സ്നേഹക്കൂട്ടായ്മയുടെയൊക്കെ ഒപ്പം അദൃശ്യനായി യേശു ഉണ്ടെന്നതാണ് സത്യം.

2. ഉത്ഥിതനായ യേശു ശിഷ്യരെ കാണുമ്പോൾ അവർക്ക് ആശംസിക്കുന്നത് സമാധാനമാണ് (20:19,20,26). യേശുവിന്റെ സാന്നിധ്യം കൂടെ ഉള്ളവർക്ക് പകർന്നുകൊടുക്കുന്നതും സമാധാനമാണ്. നിന്റെ സാന്നിദ്ധ്യം കൂടെ ഉള്ളവർക്ക് പകർന്നുകൊടുക്കുന്നതു സമാധാനമാണോ? അതോ അസ്വസ്ഥതയാണോ? സമാധാനം പകർന്നു കൊടുക്കുന്ന വ്യക്തിയാകുമ്പോഴാണ് നീ ക്രിസ്തുശിഷ്യനായി മാറുന്നത്. ക്രിസ്തു സാന്നിധ്യം വ്യാപിക്കുന്നതും നീ സമാധാന സംവാഹകനാകുമ്പോഴാണ്.

3. നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവന്മാർ (20:29). രണ്ടുതരത്തിലും വിശ്വസിക്കാം–കണ്ടും കാണാതെയും. നേരിട്ടു കാണുന്ന ഓരോ കാഴ്ചയും നിന്നെ വിശ്വാസത്തിലേക്ക് നയിക്കുന്നതാകണം. നിന്റെ പ്രിയരുമായുള്ള ബന്ധത്തിൽ യാഥാർത്ഥ്യമാകേണ്ടത് ഇതാണ്. ഓരോ കാഴ്ചയും, ഓരോ അനുഭവവും അവരിലുള്ള നിന്റെ വിശ്വാസത്തെ വളർത്തുന്നതാകണം. മുന്നോട്ടു പോകുമ്പോൾ അവരെ വിശ്വസിക്കാനായി ഒരു തെളിവും ആവശ്യമില്ലാത്ത രീതിയിൽ നിന്റെ വിശ്വാസത്തെ നീ വളർത്തിയെടുക്കണം. അതാണ് കാണാതെ വിശ്വസിക്കുന്ന അവസ്ഥ. കണ്ടുകൊണ്ടുള്ള വിശ്വാസം കാണാനുള്ള വിശ്വാസത്തിലേക്ക് നിന്നെ വളർത്തട്ടെ.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ഓർമ്മയാകുന്ന തോമാശ്ലീഹാ

“Wherever you go our network follows” - പ്രസിദ്ധമായ മൊബൈൽ കമ്പനിയുടെ പരസ്യ വാചകം. ലോകത്ത് എവിടെച്ചെന്നാലും, വലിയ പട്ടണങ്ങൾ മുതൽ ചെറിയ ഗ്രാമങ്ങൾ വരെ തോമാശ്ലീഹായുടെ മക്കൾ അവരുടെ പിതാവിന്റെ ഓർമ്മയാചരിക്കുകയാണ്. യേശുവിന്റെ ഉത്ഥാനത്തിന് ശേഷം താൻ അനുഭവിച്ചറിഞ്ഞ ഗുരുവിനെ “എന്റെ കർത്താവേ എന്റെ ദൈവമേ’ എന്ന തന്റെ വിശ്വാസബോധ്യത്തിന്റെ ഉറച്ച പ്രഖ്യാപനത്തിലൂടെ, സ്വന്തം നിണം പോലും നൽകി സഭയെ നട്ടുപിടിപ്പിക്കുകയും വളർത്തുകയും ചെയ്ത മാർത്തോമ ശ്ലീഹ. ദൈവത്തിരുമുമ്പിൽ കൃതജ്ഞതയോടെയും അഭിമാനത്തോടെയും ആയിരിക്കാനും തോമാശ്ലീഹ പകർന്നു തന്ന വിശ്വാസപൈതൃകത്തിന്റെ നീളവും വീതിയും ആഴവും ഉയരവും അളന്ന് നോക്കാനുള്ള അവസരം കൂടിയാണ് ജൂലൈ 3.

www.malankaralibrary.com

ജർമ്മനിയിൽ ഹിറ്റ്ലറെയും നാസി പ്രസ്ഥാനത്തെയും വളർത്തിയത് ഹിറ്റ്ലറിന്റെ പ്രസംഗങ്ങളാണ്. "നിങ്ങൾ ജർമ്മനിക്കും നാസികൾക്കും വേണ്ടി എന്ത് ചെയ്തിട്ടുണ്ട്? ഇനിയെന്തു ചെയ്യും?" വലിയ നിശബ്ദത. ഉടനെ അദ്ദേഹം ചൊല്ലിക്കൊടുക്കും; "ഞങ്ങൾ ജർമ്മനിക്കും നാസികൾക്കും വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യും". ഈ ഓർമ്മത്തിരുന്നാൾ ആഘോഷിക്കുമ്പോൾ തോമാശ്ലീഹാ നമ്മോടും ചോദിക്കുകയാണ്: ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി നിങ്ങൾ എന്തുചെയ്തു? ഇനിയെന്തു ചെയ്യും? 2000 വർഷങ്ങൾക്ക് മുമ്പ് കാൽവരിയിൽ രക്തബലിയർപ്പിച്ചവന് ചിന്നമലയിൽ ബലിയാക്കിത്തീർത്തവനാണ് തോമാശ്ലീഹാ. നമുക്കും അവനോടുകൂടി പോയി മരിക്കാം എന്ന തന്റെ വാഗ്ദാനം തോമാശ്ലീഹാ നിറവേറ്റുകയായിരുന്നു. ഈശോയ്ക്കുവേണ്ടി പാലസ്തീനായിൽ നിന്ന് വിശ്വാസത്തിന്റെ ദീപശിഖയുമായി താൻ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ യേശുവിനെ പ്രഘോഷിക്കാൻ, കരയും കടലും കടന്ന് എ.ഡി 52 നവംബർ 21ന് കൊടുങ്ങല്ലൂരിൽ എത്തുകയും എ.ഡി 72 ൽ വധിക്കപ്പെടുകയും ചെയ്തു.

'ദൈവം സ്നേഹമാകുന്നു' എന്ന ചാക്രിക ലേഖനത്തിന്റെ 6–ാമത്തെ ഖണ്ഡികയിൽ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തപോലെ 'നിലത്തുവീണഴിഞ്ഞ് ധാരാളം ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണി' ആയിരുന്നു തോമാശ്ലീഹാ. യേശുവിനോടുള്ള സ്നേഹത്തെപ്രതി ധാരാളം ഫലം പുറപ്പെടുവിച്ചതിന്റെ ഓർമ്മയാണ് ദുക്റാന. വി. ലൂക്കായുടെ സുവിശേഷം 17:33ൽ നാം വായിക്കുന്നു: 'ആരെങ്കിലും തന്റെ ജീവനെ നിലനിർത്താൻ പരിശ്രമിക്കുന്നെങ്കിൽ അത് നഷ്ടപ്പെടുത്തുന്നു. എന്നാൽ തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ അത് നിലനിർത്തും'.

| **ഈശോ** | **തോമാശ്ലീഹാ** |
|---|---|
| 1. കുരിശിൽ മരിച്ചു | 1. കുന്തം കൊണ്ടുള്ള കുത്തേറ്റ് മരിച്ചു |
| 2. കള്ളനെപ്പോലെ | 2. ജനദ്രോഹിയെപ്പോലെ |
| 3. യഹൂദപ്രമാണികൾ | 3. ഹൈന്ദവപൂജാരിമാർ |

യേശുവിനെപ്പോലെ മരിക്കാൻ ഭാഗ്യമുണ്ടായ ദിവസമാണ് ഇന്ന്. തോമാശ്ലീഹാ യേശുവിനോട് അത്രയോടെ അനുരൂപപ്പെട്ടതുകൊണ്ടാണ് പ്രസിദ്ധ ചിത്രകാരനായ ലിയനാർഡോ ഡാവിഞ്ചി 'അന്ത്യഅത്താഴം' എന്ന പ്രസിദ്ധമായ ചിത്രത്തിൽ യേശുവിനോട് ചേർന്നിരിക്കുന്ന തോമാശ്ലീഹായെ വരച്ചുവച്ചിരിക്കുന്നത്.

തോമാശ്ലീഹ ഇന്ന് നമുക്ക് പകർന്നു നൽകുന്ന സന്ദേശവും ഇതു തന്നെയാണ്. ഓർമ്മയായിത്തീരുക. മക്കളിലൂടെയും, മരങ്ങളിലൂടെയും, പുസ്തകങ്ങളിലൂടെയും ഓർമ്മയാകാൻ സാധിക്കും. എന്നാൽ നാം ഓർമ്മയാകേണ്ടത് തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടാണ്.

*......ശേഷം പേജ് 13–ൽ*

www.malankaralibrary.com



# മർക്കോ. 6:1-6

ജൂലൈ 8 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രത്തിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14-3:6). ദൈവഭരണത്തിന്റെ രഹസ്യം (4:10-12) സ്വന്തം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് അടുത്ത ഘട്ടത്തിലെ പ്രമേയം (3:7-8:26). അത്ഭുതങ്ങളിലൂടെയും ഉപമാ വിശദീകരണങ്ങളിലൂടെയുമാണ് യേശു ഇത് സാധിച്ചത്. ഇതിനിടയിൽ യേശു സ്വന്തം നാട്ടിൽ തിരിച്ചെത്തുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

യേശുവിന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവഭരണം (ദൈവരാജ്യം) സമാഗതമാകുന്നു. തുടർന്ന് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദൈവഭരണത്തിന്റെ രഹസ്യം അവൻ വെളിപ്പെടുത്തിക്കൊടുക്കുന്നു. ഉപമകളിലൂടെയും (4:11-12, 34) അത്ഭുതങ്ങളിലൂടെയും (4:35-41; 5:1-43) വെളിവാക്കപ്പെടുന്നത് ഈ രഹസ്യമാണ്. എന്നാൽ ഇത് ദൈവരാജ്യത്തെക്കുറിച്ചുള്ള രഹസ്യമെന്നതിലുപരി യേശുവിനെക്കുറിച്ചുള്ള രഹസ്യമാണ്. യേശു ആരാണെന്നാണ് വെളിവാക്കപ്പെടുന്നത് (4:41; 5:7,34,43). തുടർന്ന് സ്വന്തം നാട്ടിൽ യേശു തിരിച്ചെത്തുമ്പോൾ നാട്ടുകാർ അത്ഭുതപ്പെടുന്നത് യേശു ആരാണെന്നാണ് (6:1-6).

### III. സന്ദേശം

1. സ്വന്തം നാട്ടുകാരുടെ ചർച്ചാ വിഷയം അവന്റെ വാക്കുകളും പ്രവർത്തികളുമാണ് (6:2). അതായത് അവന്റെ പ്രഘോഷണവും അത്ഭുതങ്ങളും അതുകണ്ടിട്ട് യേശുവിനെക്കുറിച്ച് അവർ പറയുന്നത് തച്ചനെന്നും മറിയത്തിന്റെ മകനെന്നുമൊക്കെയാണ് (6:3). തൊട്ടുമുമ്പുള്ള സുവിശേഷഭാഗത്ത് ജായ്റോസും രക്തസ്രാവക്കാരിയും അവനിൽ വലിയ വിശ്വാസമാണ് അർപ്പി

www.malankaralibrary.com

ക്കുന്നത്. രണ്ടുപേരും യേശുവിന്റെ കാൽക്കൽ വീണാണ് അപേക്ഷിക്കുന്നത് (5:23, 33). അവനെ അവർ ദൈവപുരുഷനായി കണ്ടു എന്നു സാരം. സ്വന്തം നാട്ടുകാരുടെ കാഴ്ചപ്പാടിന് ഘടകവിരുദ്ധമാണിത്. നിന്റെ ചുറ്റുമുള്ള വ്യക്തികളെയും സംഭവങ്ങളെയും രണ്ടുതരത്തിൽ നിനക്ക് വീക്ഷിക്കാനാവും-സാധാരണസംഭവങ്ങളായിട്ടും അഥവാ ദൈവികപ്രവർത്തനത്തിന്റെ മാധ്യമങ്ങളായിട്ടും. രണ്ടാമത്തെ രീതിക്ക് വലിയ വിശ്വാസം വേണം. ഈ വിശ്വാസത്തിലേക്കുയരുമ്പോഴാണ് ഏതു കാര്യവും നിന്നിൽ ദൈവിക ഫലങ്ങൾ ഉളവാക്കുന്നത്.

2. യേശു സ്വന്തം നാട്ടിലെത്തിയ വിവരം പറഞ്ഞിട്ട് സുവിശേഷകൻ പറയുന്നു: ശിഷ്യൻമാർ അവനെ അനുഗമിച്ചു (6:1). രണ്ടു വലിയ അത്ഭുതങ്ങൾക്ക് ശേഷമാണ് യേശു സ്വന്തം നാട്ടിലെത്തുന്നത്. വിശ്വാസംമൂലമുണ്ടായ അത്ഭുതങ്ങളുടെ സമയത്ത് ശിഷ്യർ കൂടെയുണ്ടായിരുന്നു. ഇപ്പോൾ അവിശ്വാസത്തിന്റെ സാഹചര്യത്തിലും ശിഷ്യർ യേശുവിനെ അനുഗമിക്കുന്നു. നിന്റെ ജീവിതത്തിൽ വിശ്വാസത്തിന്റെയും സംശയത്തിന്റെയും അവസരങ്ങളുണ്ടാകാം. രണ്ട് അവസരത്തിലും യേശുവിനെ നീ അനുഗമിക്കണം എന്നതാണ് പ്രധാനം. വിശ്വാസത്തിന്റെ നിമിഷങ്ങളിലും അവിശ്വാസത്തിന്റെ നിമിഷങ്ങളിലും നീ യേശുവിന്റെ കൂടെ നില്ക്കണം. അങ്ങനെയാണ് നിന്റെ ജീവിതം രക്ഷാകരമാകുന്നത്.

3. ഏതാനും സുഖപ്പെടുത്തലല്ലാതെ മറ്റ് അത്ഭുതമൊന്നും ചെയ്യാൻ യേശുവിന് സാധിച്ചില്ല. അത്ഭുതങ്ങൾ നടക്കുന്നത് എപ്പോഴാണ്? കൂടെയുള്ളവരുടെ നന്മയും കഴിവുകളും തിരിച്ചറിയാനും അവയിൽ വിശ്വാസമർപ്പിക്കാനും സാധിക്കുമ്പോൾ നിന്നിലും നിന്റെ ചുറ്റിലും അത്ഭുതങ്ങൾ സംഭവിക്കും. അതിനാൽ നിന്റെ ജീവിത പങ്കാളിയുടെയും മക്കളുടെയും നന്മകൾ തിരിച്ചറിയുക; അവരിൽ നീ വിശ്വാസമർപ്പിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ക്ലേശമാർഗ്ഗം

ക്രിസ്തുവിനെ യഥാർത്ഥത്തിൽ സ്നേഹിക്കാൻ തുടങ്ങുകയാണെങ്കിൽ, അറിയുക വല്ലാതെ തെറ്റിദ്ധരിക്കപ്പെടാനും അവഗണിക്കപ്പെടാനും നിന്ദിക്കപ്പെടാനും പോകുകയാണ്. ഇനിയുള്ള ജീവിതം ദൈവമാർഗ്ഗത്തിലേക്കു തിരിച്ചുവിടാൻ നിശ്ചയിക്കുകയാണെങ്കിൽ നമുക്ക് പലതും ഉപേക്ഷിക്കേണ്ടതായി വരും. സ്വാർത്ഥ താൽപര്യങ്ങൾ, വ്യക്തിബന്ധങ്ങൾ, ജീവിതചര്യകൾ, സുരക്ഷിതസുഖമാർഗ്ഗങ്ങൾ, സ്വപ്നമോഹങ്ങൾ അങ്ങനെ പലതും. ക്രിസ്തുവിൽ സംഭവിച്ചതുതന്നെ നമ്മളിലും ആവർത്തിക്കപ്പെടും. സ്വദേശത്തും ബന്ധുജനങ്ങൾക്കുമിടയിലും സ്വഭവനത്തിലും അപമാനിക്കപ്പെടുന്ന പ്രവാചക നിയോഗമാണത്. ലോകം നമ്മോടു കലഹിക്കും. കുറ്റവാളിയെപ്പോലെ പ്രതി

www.malankaralibrary.com

രോധിക്കും, വിഡ്ഢികളെന്നു പരിഹസിക്കും. അത് അതിനുകഴിയുന്ന വിധ ത്തിലൊക്കെ ഒറ്റപ്പെടുത്തുക തന്നെ ചെയ്യും. മറ്റൊരർത്ഥം കൂടിയുണ്ടതിന്. ലളിത സുന്ദരമായ വഴിയുപേക്ഷിച്ച് ദുർഘടമായ മാർഗ്ഗം തിരഞ്ഞെടുക്ക ലാണത്.

മറിച്ച് ക്രിസ്തുവിനോടുള്ള സ്നേഹം വെറുമൊരു അലങ്കാരവും ആഡം ബരവും മാത്രമാണെങ്കിൽ യാതൊരു വ്യാകുലതകളോ അസ്വസ്ഥതകളോ ഇല്ലാതെ നാളുകൾ തീർക്കാം. വെറുതെ അവനെ വാഴ്ത്താനും അധരജപം നടത്താനും മാത്രമാണ് ആഗ്രഹമെങ്കിൽ ഭയപ്പെടാൻ എന്താണിരിക്കുന്നത്? കാരണം ലോകം നിങ്ങളെ വെറുക്കില്ല. പകരം അത് നിങ്ങളെ അനുമോദന ങ്ങളും അംഗീകാരങ്ങളും അധികാരങ്ങളുംകൊണ്ട് അകമ്പടി സേവിക്കും. എന്നാൽ അപ്പോൾ നമ്മൾ അവന്റെ ആന്തരികതയെ സ്വന്തമാക്കാൻ കഴി യാതെ വെറുതെ അനുഗമിക്കുന്ന ജനക്കൂട്ടത്തെ പോലെയായിരിക്കും.

ഇടയ്ക്കിടയ്ക്ക് വചനം വായിക്കാനും വിഷമ സന്ധിയിൽ ആശ്രയിക്കാനും ജപമണികൾ ഉരുവിടാനും ആരാധന കർമ്മങ്ങളിൽ പങ്കുകൊള്ളാനും മാത്ര മാണ് ഒരാൾ ക്രിസ്ത്യാനിയായി ജീവിക്കുന്നതെങ്കിൽ അത് വളരെ ലളിതവും ആകുലതകൾ ഇല്ലാത്തതുമായ സുഖമാർഗ്ഗമാണ്. കൂടുതലായി ക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും തുടങ്ങിയാൽ നമ്മുടെ അനുദിന ജീവിത നട പടികൾ തകിടം മറിയും. സത്യമായും അവനെ അനുകരിക്കണമെന്ന് തോന്നു കയാണെങ്കിൽ അപ്പോൾ മുതൽ ആന്തരിക സംഘർഷങ്ങൾ ഉദയം ചെയ്യു കയായി. തെരുവോരങ്ങളിൽ ആടിപ്പാടി യൗവനം ഘോഷിച്ച ഫ്രാൻസീസ് എന്ന യുവാവിനെ പരിചയമുണ്ടാകും. ദൈവം ഉള്ളിൽ ലഹരിയായി നിറഞ്ഞു കഴിഞ്ഞപ്പോൾ തികച്ചും അപകടകരമായ മാർഗ്ഗം തിരഞ്ഞെടുത്തവനാ ണവൻ.

ആത്മീയതയിൽ പക്വത ആർജ്ജിക്കാത്തവരാണ് നശ്വരമായ നേട്ടങ്ങൾക്കു വേണ്ടി മാത്രം ദൈവത്തെ അന്വേഷിക്കുന്നത്. ദൈവാനുഗ്രഹമെന്നത് സാമ്പ ത്തിക അഭിവൃദ്ധിയും, വിജയ പരമ്പരയും ഐശ്വര്യ സമ്പൂർണ്ണതയുമാണെന്നു കരുതുന്നതാണ് ഏറ്റവും വലിയ തെറ്റിദ്ധാരണ. ദൈവത്തോടു ചേർന്നു നിൽക്കുമ്പോഴും സഹനങ്ങളെ സ്വീകരിക്കാൻ ഒരുക്കമുള്ളവനാണ് ആത്മീയ പക്വതയുള്ളവൻ- ദുരന്തത്തെപ്പോലും അനുഗ്രഹമായി സ്വീകരിക്കാൻ കരു ത്താർജ്ജിച്ചവൻ. അങ്ങനെയുള്ളവരാണ് വേദഗ്രന്ഥം നിറയെ. പൗലോസ് തീക്ഷ്ണമതിയായ പ്രഘോഷകനായിരുന്നു എന്നിട്ടും തടവറയിൽ അടക്ക പ്പെട്ടു. സ്നാപകയോഹന്നാൻ വഴിയൊരുക്കാൻ വന്നവനായിരുന്നു എങ്കിലും ശിരസ് ഛേദിക്കപ്പെട്ടു. വഞ്ചിയും വലയുമുപേക്ഷിച്ച് അനുഗമിച്ച പത്രോ സിന് കുരിശിൽ തലകീഴായി കൊല്ലപ്പെടേണ്ടി വന്നു. ലോകദൃഷ്ടിയിൽ അവരുടേത് ധാരുണമായ അവസാനമായിരുന്നു. എന്നാൽ ദൈവിക ദൃഷ്ടി യിൽ ഏറ്റവും ശ്രേഷ്ഠമായ ആരംഭമാണത്-താൽക്കാലിക സന്തോഷങ്ങൾക്ക

www.malankaralibrary.com

പ്പുറത്ത് നിത്യമായ ആനന്ദത്തിനുവേണ്ടി ക്ലേശമാർഗ്ഗങ്ങളെ സ്നേഹത്തോടെ സ്വീകരിക്കാൻ നമ്മളും പക്വത കൈവരിക്കേണ്ടതുണ്ട്. ഒരാൾക്ക് അയാളുടെ ജീവിതത്തിൽ കടന്നുപോകുന്ന ഏറ്റവും സുന്ദരമായ നിമിഷം ക്രിസ്തുവിനായി സഹിക്കുക എന്നതാണ്. തികച്ചും സാഹസികമായ മാർഗ്ഗമാണത്.

ആദിമ ക്രൈസ്തവരുടെ മതപീഡനകഥ ഓർമ്മിക്കുകയാണ്. ക്രിസ്ത്യാനി എന്ന പേരിൽ ഒരാൾ തടവറയിൽ അടക്കപ്പെട്ടു. അയാളോട് ന്യായാധിപൻ വിലപേശി, "നീ നിന്റെ വിശ്വാസം ഉപേക്ഷിച്ചാൽ നൂറ് സ്വർണനാണയങ്ങൾ തരാം". ചിരിച്ചുകൊണ്ടയാൾ പറഞ്ഞു, "അത് വളരെ തുച്ഛമാണ്". "ശരി, എങ്കിൽ 50 കൂടി കൂടുതൽ തരാം". "പോരാ, അതും കുറവാണ്". ന്യായാധിപൻ ഉടനെ പറഞ്ഞു. എങ്കിൽ ആദ്യത്തതിന്റെ ഇരട്ടി, 200 നാണയങ്ങൾ തരാം". എളിമയോടെ ആ ചെറുപ്പക്കാരൻ മൊഴിഞ്ഞു, "ക്ഷമിക്കണം അതും കുറച്ചാണ്". "എങ്കിൽ നീ തന്നെ പറയൂ, ക്രിസ്തു മതം ഉപേക്ഷിക്കാൻ എത്രയാണ് വേണ്ടത്?" ന്യായാധിപന് ആകാംക്ഷ ഉണർന്നു.

"അത് വളരെ എളുപ്പമാണ്. എന്റെ ആത്മാവിന് തുല്യമായതു തരൂ. എങ്കിൽ ഞാൻ നിനക്കുള്ളതാണ്. Just give me what my soul is worth and i am yours' ഉവ്വ് ആത്മാവിനോട് തുലനം ചെയ്യുന്ന ഒന്നും ലോകത്തിന് നൽകാനാവില്ല. എന്നാൽ ശിഷ്ടകാലം ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ തയ്യാറായാൽ അവിടുന്ന നമുക്കായി ഒരു പാരിതോഷികം കരുതിവച്ചിരിക്കുന്നുണ്ട്- നിത്യജീവൻ - Eternal Life.

**ഫാ. ജോനാഥ് കപ്പൂച്ചിൻ**

---

*......പേജ് 9-ൽ നിന്ന് തുടർച്ച*

തോമാശ്ലീഹാ കത്തിച്ചുതന്ന ദീപശിഖ അണയാതെ, വിശ്വാസതീക്ഷ്ണതയുള്ള സമൂഹമായിത്തീരാനാണ്.

മാമ്മോദീസായിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന ദൗത്യവും മറ്റൊന്നല്ല. തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസം അണഞ്ഞുപോയിട്ടുണ്ടെങ്കിൽ... കരിന്തിരി കത്തുന്നുണ്ടെങ്കിൽ ക്ഷമചോദിച്ച് കൂടുതൽ തീക്ഷ്ണമായി മുന്നേറാനുള്ള അവസരമാണ് ദുക്റാന. 21-ാം നൂറ്റാണ്ടിലും, തോമാശ്ലീഹാ സ്വന്തം രക്തമാകുന്ന എണ്ണ നൽകി ഭദ്രദീപം കൊളുത്തിയ വിശ്വാസപൈതൃകം അഭംഗുരം കാത്തുസൂക്ഷിക്കുകയും, ഉയർത്തിപ്പിടിക്കുകയും വരുംതലമുറയിലേക്ക് പകർന്ന് കൊടുക്കുകയും ചെയ്യുന്ന തോമാശ്ലീഹായുടെ യഥാർത്ഥ ശിഷ്യരായിത്തീരാം. ഒരിക്കൽ കൂടി എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. തോമസ് കുഴിയടിച്ചിറ**

www.malankaralibrary.com



# മർക്കോ.6:7 - 13

ജൂലൈ 15 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രസിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14-3:6). ദൈവഭരണത്തിന്റെ രഹസ്യം (4:10-12) സ്വന്തം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് അടുത്ത ഘട്ടത്തിലെ പ്രമേയം (3:7-8:26). ഇതിന്റെ മധ്യത്തിൽ സ്വന്ത ദൗത്യം തുടരാനായി യേശു ശിഷ്യരെ പറഞ്ഞയക്കുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

ദൈവത്തിന്റെ ഭരണം (ദൈവരാജ്യം) പ്രോത്ഘാടനം ചെയ്യുകയും (1:15) അതിന്റെ രഹസ്യം (4:11-12) വെളിപ്പെടുത്തുകയും ചെയ്യുന്ന യേശു ശിഷ്യരോട് പ്രത്യേകത കാണിക്കുന്നുണ്ട്. വിളിച്ച് തന്റെ കൂടെയാക്കുകയും (1:16-20; 2:14) പന്തിരുവരായി പ്രത്യേക ഗണത്തെ രൂപീകരിക്കുകയും (3:13-14) ചെയ്ത യേശു ദൈവരാജ്യത്തിന്റെ രഹസ്യം അവർക്കാണ് നൽകുന്നത് (4:11-12). അങ്ങനെ പ്രത്യേകം തിരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തശേഷം യേശു അവരെ ദൗത്യവുമായി അയക്കുന്നതാണ് ഇന്നത്തെ വചനഭാഗം (6:7-13). യേശുവിന്റെ ദൗത്യം തുടരുക എന്നതാണ് ശിഷ്യധർമം (6:13).

### III. സന്ദേശം

1. ശിഷ്യരെ അയക്കുമ്പോൾ യേശു നിർദ്ദേശിക്കുന്നത്, അപ്പമോ സഞ്ചിയോ പണമോ കരുതരുതെന്നാണ് (6:8). അതായത് പണവും സഞ്ചിയും തരുന്ന സുരക്ഷിതത്ത്വത്തിലായിരിക്കരുത് ശിഷ്യന്റെ ആശ്രയം എന്നർത്ഥം. പകരം തമ്പുരാനിലായിരിക്കണം അവന്റെ ആശ്രയം. ദൈവത്തിലും അവന്റെ പരിപാലനയിലും ശരണം വെയ്ക്കുന്നവനായിരിക്കണം ക്രിസ്തുശിഷ്യൻ. നീയും ശരണം വെയ്ക്കേണ്ടത് ഭൗതിക സമ്പത്തിലോ, ബാങ്ക് ബാലൻസിലോ ആയിരിക്കരുത്. പകരം നിന്നെ പരിപാലിക്കുന്ന ദൈവത്തിലായിരിക്കണം. അപ്പോൾ മാത്രമേ നീ ക്രിസ്തുശിഷ്യനാകുകയുള്ളൂ.

2. സ്വന്തം നാട്ടുകാരുടെ വിശ്വാസരാഹിത്യത്തിൽ വിസ്മയിക്കുന്ന യേശുവാണ് ശിഷ്യരെ പറഞ്ഞയക്കുന്നത് (6:6-7)- താൻ ചെയ്ത ജോലികൾ ചെയ്യാൻ

www.malankaralibrary.com

തന്നെ (6:13). വലിയൊരു വിശ്വാസമാണ് യേശു ശിഷ്യരിൽ അർപ്പിക്കുന്നത്. ഏറ്റവും വലിയ അവിശ്വാസത്തിന്റെ മുമ്പിൽ വലിയ വിശ്വാസമാണ് യേശു പ്രകടിപ്പിക്കുന്നത്. അവിശ്വാസവും സംശയവും നിന്റെ നേർക്ക് ഉയർന്നുവരുമ്പോഴും, ചുറ്റുമുള്ളവരിൽ വിശ്വാസമർപ്പിക്കാൻ നിനക്ക് സാധിക്കണം. നിന്റെ പ്രിയരിൽ നീ എത്രമാത്രം വിശ്വാസം അർപ്പിക്കുന്നു? അവരിൽ വിശ്വാസം അർപ്പിച്ചാലേ അവരിലൂടെ വലിയ അത്ഭുതങ്ങൾ നടക്കുകയുള്ളൂ (6:13). അതിനാൽ ചുറ്റുമുള്ളവരിൽ വിശ്വാസം അർപ്പിക്കാൻ നീ പരിശീലിക്കുക.

3. പ്രഘോഷണവും, ബാധയൊഴിപ്പിക്കലും, രോഗികളെ സുഖപ്പെടുത്തലുമാണ് ശിഷ്യർ ചെയ്യുന്ന പ്രവർത്തികൾ (6:13). ഇവയെല്ലാം തന്നെ യേശു ചെയ്ത പ്രവർത്തനങ്ങളാണ്. ചുരുക്കത്തിൽ യേശുവിന്റെ ശുശ്രൂഷയിൽ പങ്കുപറ്റുന്നവനും അത് തുടരുന്നവനുമാണ് ശിഷ്യൻ. നീ യഥാർത്ഥ ക്രിസ്തുശിഷ്യനാണോ? എങ്കിൽ നീ അവന്റെ പ്രവർത്തനങ്ങൾ നിന്റെ ജീവിതസാഹചര്യത്തിൽ നീ തുടരുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: തിന്മയ്ക്കെതിരെ ധീരസമരം

"അശുദ്ധാത്മാക്കളുടെമേൽ അവർക്ക് അധികാരവും കൊടുത്തു" (മർക്കോ 6:7). സുപ്രധാനമായ ഒരു ദൗത്യം ശിഷ്യൻ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഇന്നത്തെ സുവിശേഷഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. യേശുവിന്റെ ദൗത്യം തന്നെയാണ് ശിഷ്യരും തുടരേണ്ടത് എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നത് സഭാപിതാവായ വി.ജറോം ആണ്. ദൈവാത്മാവിന്റെ സഹായത്തോടെ യേശു തിന്മയെ കീഴ്പ്പെടുത്തിയതു പോലെ ശിഷ്യനും പിശാചിനെതിരെ പടവെട്ടി ജയിക്കണം എന്നാണ് വചനം ഓർമ്മപ്പെടുത്തുന്നത്. അശുദ്ധാത്മാക്കളുടെമേൽ ഓരോ ദൈവപൈതലിനും അധികാരം നൽകപ്പെട്ടിട്ടുണ്ട്. ഇവിടെ ചോദ്യമിതാണ്. ദൈവത്തോടൊപ്പം ചേർന്ന് തിന്മയ്ക്കെതിരെ ഞാൻ പ്രവർത്തിക്കുന്നുണ്ടോ? തിന്മയെ പ്രതിരോധിക്കുന്നുണ്ടോ? അതോ ചില അഡ്ജസ്റ്റ്മെന്റുകൾ നടത്തി ഞാനും തിന്മയുടെ പക്ഷത്തേക്ക് ചാഞ്ഞുപോവുകയാണോ? ഒരു തിരനോട്ടത്തിനായി വചനം ക്ഷണിക്കുന്നു.

പിശാചുണ്ടോ? നന്മയും തിന്മയുമൊക്കെ സത്യമാണോ? ഇതൊക്കെ പഴഞ്ചൻ ചിന്താഗതികളല്ലേ? ഇതൊക്കെ വിവരമുള്ള തലമുറയോട് പറയാൻ കൊള്ളുമോ? ഇങ്ങനെയൊക്കെ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന 'ബുദ്ധിജീവികൾ' പാർക്കുന്ന ഒരു നാട്ടിലാണ് നാമൊക്കെ ജീവിക്കുന്നത്. പക്ഷേ, ഓർക്കുക. കാലം എത്ര പുരോഗമിച്ചാലും, ശാസ്ത്രം നേട്ടങ്ങളുടെ നാഴികക്കല്ലുകൾ എത്ര പിന്നിട്ടാലും, മനുഷ്യർ എത്ര മോഡേൺ' ആയാലും ചില അടിസ്ഥാനസത്യങ്ങൾക്ക് മാറ്റമില്ല. കവിപാടുന്നതുപോലെ "ആയിരം

www.malankaralibrary.com

പക്ഷികൾ പാറിപ്പറന്നാലും ആകാശം ഒന്നുതന്നെ." "പുഷ്പങ്ങൾ ആയിരം പൂത്തുവിടർന്നാലും ഉദ്യാനമൊന്നുതന്നെ" (എസ് രമേശൻ നായർ,, കളിപ്പാട്ടങ്ങൾ). എന്തൊക്കെ സംഭവിച്ചാലും ചില അടിസ്ഥാന സത്യങ്ങൾക്ക് മാറ്റം വരികയില്ല. ദൈവമുണ്ടെന്നും നിത്യജീവിതമുണ്ടെന്നും നാം വിശ്വസിക്കുന്നതുപോലെ തന്നെ പിശാചുണ്ടെന്നും അവൻ മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റുന്നവനാണെന്നും വിശ്വസിക്കണം. വി.ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ പിശാച് നിലംപതിച്ച മാലാഖയാണ് (വെളി 12:1–7). ദൈവം ആദ്യം സൃഷ്ടിച്ച നല്ല മാലാഖയായിരുന്നു സാത്താൻ. തന്റെ തന്നെ കാരണത്താൽ അവൻ നിലം പതിച്ചതാണെന്ന് നാലാം ലാറ്ററൻ കൗൺസിലും (1215) പഠിപ്പിക്കുന്നുണ്ട് (No. 800, CCC 289).

തിന്മയ്ക്കെതിരെ കരുതലോടെ ഇറങ്ങണമെന്ന മുന്നറിയിപ്പാണ് ഇതെല്ലാം. കാരണം വഞ്ചനയും, കബളിപ്പിക്കലുമാണ് പിശാചിന്റെ തന്ത്രങ്ങൾ. ഇവിടെ നമ്മൾ വിവേകം പുലർത്തണം. സ്വർഗ്ഗമില്ലെന്ന് പറയുന്ന മണ്ടനൊന്നുമല്ല പിശാച്. സ്വർഗ്ഗമുണ്ട്, നിത്യജീവനുമുണ്ട്. എന്നാൽ, ഇതിനുവേണ്ടി ചത്തു കിടന്ന് പരിശ്രമിക്കേണ്ട കാര്യമൊന്നുമില്ല. ഇത് വിശ്വാസത്തിന്റെ തലത്തിൽ സാത്താൻ നടത്തുന്ന കടന്നാക്രമണമാണ്. നമ്മുടെ മനോഭാവങ്ങളിലും, ധാർമ്മികതയിലും വരെ നമ്മെ വഴിതെറ്റിക്കാൻ അവനുകഴിയും. "കുറച്ചുകൂടി മോഡേണായിക്കൂടേ", "അൽപംകൂടി ഫോർവേഡായി ചിന്തിച്ചുകൂടെ", "ഇതൊക്കെ ഇപ്പോൾ എല്ലാരും ചെയ്യുന്നതാ"... "ഈ നല്ലപ്രായത്തിൽ അടിച്ചു പൊളിച്ചില്ലേൽ പിന്നെ എന്നാ പറ്റുക? "അൽപം മദ്യപാനമാകാം. എന്നാൽ ഓവറാകരുതെന്നേയുള്ളൂ"... ഇങ്ങനെ ചെറിയ ചെറിയ താക്കോൽ പഴുതിലൂടെ കയറി നമ്മുടെ ധാർമ്മികതയുടെ സൂചിക ഇടിയും വിധം അവൻ പ്രവർത്തിച്ചുതുടങ്ങുന്നു. ഓർക്കുക; "ചെറിയ കാര്യങ്ങൾ അവഗണിക്കുന്നവൻ അൽപാൽപമായി നശിക്കും" (പ്രഭാ 19:1). പലതിനോടും നിസ്സംഗത പുലർത്തുമ്പോഴും, പലതിനും നേരെ ഒന്ന് കണ്ണടയ്ക്കുമ്പോഴും നമ്മളും തിന്മയോട് സമരസപ്പെടുകയാണ്. ഇവിടെയൊക്കെ വചനം നമ്മെ തിരുത്തും. "ചെയ്യേണ്ട നന്മ എന്തെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു" (യാക്കോ 4:17).

ക്രിസ്തീയ ആദ്ധ്യാത്മികജീവിതം ഒരു സമരവേദിയാണ്. നിതാന്തജാഗ്രതയുടെ മേഖലയാണ്. ഒരു പോരാട്ടമാണ്. വി.ഗ്രന്ഥത്തിൽ ഉടനീളം കാണുന്ന Apocalyptic Literature ൽ ഇതുതന്നെയല്ലേ പറഞ്ഞുവയ്ക്കുന്നത്? ഈ സാഹിത്യ ചിന്താധാരയനുസരിച്ച് ലോകം നന്മയുടെയും തിന്മയുടെയും ഒരു പോരാട്ടവേദിയാണ്. എന്നാൽ ആത്യന്തികവിജയം നന്മയ്ക്കാണ്. വെളിപാടു പുസ്തകത്തിലെ കുഞ്ഞാട് കൊല്ലപ്പെട്ടിട്ടും വിജയശ്രീലാളിതനായി മലമേൽ ഉയർന്നു നിൽക്കുന്നത് നന്മ വിജയിക്കുന്നതുകൊണ്ടാണ്. ഈ പോരാട്ടത്തിൽ ആയുധങ്ങളും അനിവാര്യതകളാണ്. ആയുധമില്ലാതെ അടർക്കളത്തിൽ

www.malankaralibrary.com

അടരാടാൻ ആവില്ലല്ലോ (ഉള്ളൂർ). പൗലോസ്ശ്ലീഹാ ഉദ്ബോ ധിപ്പിക്കുന്നു. “സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവ ത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ” (എഫേ 6:11).

“സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചു നിൽക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ” (എഫേ 6:14-17).

ഒരു തിരുത്ത്

ദൈവം ഭരണപക്ഷവും സാത്താൻ പ്രതിപക്ഷവുമാണെന്ന് കരുതരുത്. ദൈവം ദൈവമായിരിക്കാൻ, ദൈവത്തിന്റെ തീരുമാനങ്ങളെ ഒക്കെ ഒന്നു “ചെക്ക്” ചെയ്യാൻ ഉള്ള ഒരാളാണ് സാത്താൻ എന്ന് ധരിക്കുന്നതും തെറ്റാണ്.

“ഓരോ മനുഷ്യന്റെ ഉള്ളിലും ഇരുട്ടും വെളിച്ചവും ഉണ്ട്. ഇതിൽ ഏതു ഭാഗം ഒരുവൻ തിരഞ്ഞെടുക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്” (ജെ. കെ റൗളിംഗ്).

**ഫാ. മനീഷ് ഓലംകണ്ണേൽ എം.സി.ബി.എസ്**

www.malankaralibrary.com



# മർക്കോ. 6:30 - 44

ജൂലൈ 22 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രത്തിലെ യേശുവിന്റെ (1:1–13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1: 14–36). ദൈവഭരണത്തിന്റെ രഹസ്യം (4: 10–12) സ്വന്തം ശിഷ്യർക്ക് യേശു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് അടുത്ത ഘട്ടത്തിലെ പ്രമേയം (3: 7–8:26). ദൈവരാജ്യത്തിന്റെ രഹസ്യം ശിഷ്യർക്ക് വെളിവാക്കി കൊടുക്കാനുള്ള യേശുവിന്റെ പരിശ്രമത്തിലെ പ്രധാന കണ്ണികളാണ് രണ്ട് അപ്പം വർദ്ധിപ്പിക്കലുകളും (6:35–44;8:1–10) അപ്പത്തെക്കുറിച്ചുള്ള ചർച്ചയും (8:14–21). അതിൽ ഒന്നാമത്തെ അപ്പം വർദ്ധിപ്പിക്കലാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

യേശു ശിഷ്യരെ പരിശീലിപ്പിക്കുന്നത് പടിപടിയായിട്ടാണ്. അവൻ അവരെ വിളിക്കുന്നു (1:16–20; 2: 14); ഏറ്റവും വലിയ ജനസഞ്ചയത്തിൽ നിന്നും പന്തിരുവരുടെ ഗണത്തെ രൂപീകരിക്കുന്നു (3:13–14); അങ്ങനെ തിരഞ്ഞെടുത്തവരെ രഹസ്യമായി പഠിപ്പിക്കുന്നു (4:11-12, 34). തന്റെ വാക്കുകളിലൂടെയും (4: 1–34) അത്ഭുതപ്രവൃത്തികളിലൂടെയുമാണ് പഠിപ്പിക്കൽ (4: 35–5:43). യേശു ശിഷ്യരെ ദൗത്യവും കൊടുത്ത് അയക്കുന്നു (6:7–13). അയക്കപ്പെട്ട ശിഷ്യർ ദൗത്യ നിർവ്വഹണത്തിന് ശേഷം തിരിച്ചുവരുന്നതും, യേശുവിനോടു ദൗത്യവിജയം റിപ്പോർട്ട് ചെയ്യുന്നതും, ജനക്കൂട്ടത്തോടുള്ള യേശുവിന്റെ പ്രതികരണവും, അപ്പം വർദ്ധിപ്പിക്കലുമാണ് ഇന്നത്തെ വചനഭാഗം (6:30–44).

### III. സന്ദേശം

1. ഭക്ഷണം കഴിക്കാൻ ഒഴിവു കിട്ടാഞ്ഞപ്പോഴാണ് യേശു ശിഷ്യരെ വിജനസ്ഥലത്തേയ്ക്കു ക്ഷണിക്കുന്നത് (6:31). മറുകരയിൽ ജനക്കൂട്ടത്തെ കാണുമ്പോൾ യേശുവിന് അവരോട് അനുകമ്പ തോന്നുന്നു (6:34). യേശുവിന്റെ ശ്രദ്ധ എപ്പോഴും മറ്റുള്ളവരുടെ ആവശ്യങ്ങളിലാണ്–ഇതാണ് ശ്രദ്ധിക്കേണ്ടത്. ശിഷ്യരുടെ വിശപ്പും, ജനക്കൂട്ടത്തിന്റെ അനാഥത്വവും യേശുവിന്റെ ഉത്കണ്ഠകളാണ്. സഹജരുടെ ആവശ്യങ്ങൾ നിന്റെ ഹൃദയത്തെ സ്പർശിക്കുന്നുണ്ടോ? അവ നിന്റെ ഉത്കണ്ഠകളാകുന്നുണ്ടോ? നിന്റെ പ്രിയരുടെയും

www.malankaralibrary.com

മക്കളുടെയും അയൽക്കാരുടെയുമൊക്കെ ആവശ്യങ്ങൾ നിന്റെ ഹൃദയത്തെ സ്പർശിക്കാൻ തുടങ്ങുമ്പോൾ നീ ക്രിസ്തുശിഷ്യനായി എന്നർത്ഥം.

2. അഞ്ചപ്പം കൈയ്യിൽ വച്ചുകൊണ്ടു ജനക്കൂട്ടത്തെ പറഞ്ഞുവിടാൻ ശിഷ്യന്മാർ നിർദ്ദേശിക്കുന്നത്, അഞ്ചപ്പത്തിന്റെ നിസ്സാരത ഓർത്തിട്ടാകണം. അയ്യായിരം മനുഷ്യർക്ക് അഞ്ചപ്പം എന്താകാനാണ്? എന്നാൽ അയ്യായിരം പേർക്ക് അഞ്ചപ്പം അധികമാണ് എന്ന പാഠമാണ് യേശു പഠിപ്പിക്കുന്നത്. അഞ്ചപ്പവും യേശു തമ്പുരാനും കൂടെയുണ്ടെങ്കിൽ അയ്യായിരംപേർക്ക് അഞ്ചപ്പംതന്നെ ധാരാളമാണ്. നിന്റെ പരിമിതികളെയാണ് അഞ്ചപ്പം സൂചിപ്പിക്കുന്നത്. നിന്റെ പരിമിതികൾ നിനക്ക് ബോധ്യമാകുമ്പോൾ കൂടെയുള്ള തമ്പുരാനെ ഓർക്കുക. നിന്റെ അഞ്ചപ്പം ദൈവകരങ്ങളിലേയ്ക്ക് സമർപ്പിക്കാൻ തയ്യാറാകുക. അത്ഭുതം നിന്റെ ജീവിതത്തിൽ നടക്കുന്നത് ഇങ്ങനെയാണ്.

3. അവരെല്ലാം ഭക്ഷിച്ചു തൃപ്തരായി എന്നാണ് വചനം (6:44). എല്ലാവരും എന്നാൽ അപ്പം കൊടുത്ത ശിഷ്യരും അപ്പം കിട്ടിയ ജനക്കൂട്ടവും. കൊടുത്തവരും കിട്ടിയവരും തൃപ്തരാണെന്നർത്ഥം. തൃപ്തിയുണ്ടാകുന്നത് വയറുനിറയുമ്പോഴാണെന്ന് കരുതുന്നത് കുറുബുദ്ധിയാണ്. തൃപ്തയുണ്ടാകുന്നത് വയറിനപ്പുറം മനസ്സും ഹൃദയവും നിറയുമ്പോഴാണ്. അതിനുള്ള മാർഗ്ഗം കൊടുക്കാനും സ്വീകരിക്കാനുമുള്ള മനസ്സാണ്. നിന്റെ ജീവിതത്തിൽ കൊടുക്കലും വാങ്ങലും നീ അഭ്യസിക്കുക. ജീവിതം തൃപ്തിയുള്ളതാകുന്നത് നിനക്ക് തിരിച്ചറിയാനാകും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: കണ്ണിലെ കരുണ

ക്രിസ്തുവിനു ദേഷ്യം വരാൻ കുറേ കാരണങ്ങളുണ്ടായിരുന്നു. വിശ്രമം തേടിയാണ് വഞ്ചിയെടുത്ത് ക്രിസ്തു മറുകരയിലേക്ക് പോയത്. അവിടെ ചെന്നപ്പോൾ തന്നെയും കാത്ത് അതേ ജനക്കൂട്ടം. വിശ്രമം പോയിട്ട് ഭക്ഷണം കഴിക്കാൻപോലും സമയവുമില്ല; സൗകര്യവുമില്ല. ഒരു സാധാരണ മനുഷ്യനു മനം മടുക്കാനും പൊട്ടിത്തെറിക്കാനും ഇതു മതി. പക്ഷേ ക്രിസ്തു കണ്ടത് സ്വന്തം ദുഃഖമല്ല മുന്നിൽ വന്നവരുടെ ദുഃഖം. അനുകമ്പയോടെ അവൻ അവരെ നോക്കി. വഞ്ചിയിൽ മറുകരയിലേക്ക് ദൂരം നാലു മൈൽ. കരചുറ്റി മറു കരയിലേക്കുള്ള ദൂരം പത്തുമൈൽ. എന്നിട്ടും ക്രിസ്തു മറുകരയിലെത്തും മുമ്പേ ജനക്കൂട്ടം പത്തുമൈൽ കടന്നു മറുകരയിൽ എത്തിയെങ്കിൽ അവർ നടക്കുകയല്ല ഓടുകയാണ് ചെയ്തിട്ടുള്ളത്. ഒരു കൂട്ടയോട്ടം; അതാണല്ലോ സുവിശേഷത്തിലും പറയുന്നത്. മറ്റുള്ളവരുടെ വിഷമതകളുടെ മുന്നിൽ സ്വന്തം ദുഃഖം മറക്കുന്നവനു ക്രിസ്തുവിന്റെ മുഖമാണ്.

തിരക്കുപിടിച്ച ഒരു റെയിൽവേസ്റ്റേഷൻ. ഒരു ചെറുപ്പക്കാരൻ ആഴ്ചയുടെ

www.malankaralibrary.com

June 2012 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.KL/ALY/0010/2010-12

അവസാനം വീട്ടിലേക്കുള്ള ട്രെയിൽ കാത്തു നിൽക്കുന്നു. നാട്ടിലേക്കുള്ള അവസാനട്രെയിനാണ്. തിങ്ങി നിറഞ്ഞ ട്രെയിൻ സ്റ്റേഷൻ നിർത്തുംമുമ്പ് തന്നെ കാത്തുനിൽക്കുന്നവർ ചാടിക്കയറാൻ തുടങ്ങി. ഈ തിരക്കിനിടയിൽ ഒരു വൃദ്ധനായ കച്ചവടക്കാരനെ ആരോ തട്ടിതെറിപ്പിച്ചു. എഴുന്നേൽക്കാൻ പോലുമാവാതെ കിടക്കുന്ന വൃദ്ധനെകണ്ടപ്പോൾ ചെറുപ്പക്കാരൻ ട്രെയിൻ മറന്നു അയാളെ എഴുന്നേൽപ്പിച്ചിരുത്തി. ചിതറിക്കിടന്ന കച്ചവട സാധനങ്ങൾ കൊട്ടയിൽ പെറുക്കിവച്ചു. ആ സമയത്ത് ചൂളം വിളിച്ചുകൊണ്ട് അവസാനത്തെ ട്രെയിൻപോയി. വൃദ്ധൻ ആ ചെറുപ്പക്കാരന്റെ കൈപിടിച്ചു നിറഞ്ഞ കണ്ണുകളോടെ ചോദിച്ചു: "സാറെ, ഈ രാത്രിയിലെ അവസാനത്തെ ട്രെയിനാണ് പോകുന്നതെന്നറിഞ്ഞിട്ടും ആർക്കും വേണ്ടാത്ത ഈ കിളവനെ സഹായിക്കാൻ മനസ്സുള്ള നിങ്ങൾ ദൈവമാണോ?"

22 Female Kottayam - 22 വയസ്സുള്ള ഒരു കോട്ടയംകാരി നേഴ്സിന്റെ കഥ പറയുന്നു. ബാംഗ്ലൂരിൽ ജോലിചെയ്യുന്ന ഈ നേഴ്സ് ഒരു തട്ടിപ്പിൽ കുടുങ്ങി ജയിലിലായി. ആസുത്രിതമായിരുന്ന ഒരു കെണിയായിരുന്നു അത്. 22 വയസ്സുള്ള ഒരു പെൺകുട്ടിക്ക് തന്റെ ജീവിതം ബ്ലാക്ക് ആന്റ് വൈറ്റാക്കാൻ ഇതിനപ്പുറം കാരണങ്ങൾ വേണ്ടല്ലോ? ഇരുട്ട് വീണ അവളുടെ ഭാവിയിലേക്ക് വെട്ടം വീഴ്ത്തി ജയിലിലേക്ക് ഒരു കത്തുവന്നു. അവൾ ആശുപത്രിയിൽ കരുതലോടെ ശുശ്രൂഷിച്ചിരുന്ന ഒരു വൃദ്ധനായ ധനവാന്റെ കത്ത്.

"എന്റെ ജീവിതത്തിൽ ഒരുപാട് കഴിവുള്ള ഡോക്ടേഴ്സിനെയും നേഴ്സുമാരെയും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അവരിൽ ഒന്നും കാണാത്ത ഒരു പ്രത്യേകത ഞാൻ നിന്നിൽ കണ്ടു. നിന്റെ കണ്ണിലെ കരുണ. നിന്റെ ജീവിതം ആ ഇരുട്ടറയിൽ തീരാനുള്ളതല്ല. നീ പുറത്തു വരണം. നിന്നെപോലെയുള്ള ചില നല്ലമനുഷ്യർ ഈ ഭൂമുഖത്തുള്ളതുകൊണ്ടാണ് ഈ ഭൂമി ഇന്നും നിലനിൽക്കുന്നത്".

കണ്ണിൽ കരുണയുള്ളവരാണ് ഈ ഭൂമിയുടെ നിലനിൽപ്പിനുകാരണം. Compassion എന്ന വാക്കിനു ഇങ്ങനെ ഒരു അർത്ഥം പറയാറുണ്ട്. 'Your Pain in My Heart is Compassion'. എന്റെ ഹൃദയത്തിലെ നിന്റെ വേദനയാണ് അനുകമ്പ. മറ്റുള്ളവരുടെ വേദന എന്റെ ഹൃദയത്തിലാവുമ്പോൾ അത് തിരുഹൃദയമാവുന്നു.

**ഫാ. കപ്പിസ്താൻ ലോപ്പസ്**

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor : Fr. Jacob Naluparayil*